സ്വാശ്രയ ബി.എഡ്. കോളേജുകളിലെ സീറ്റുകളുടെ എണ്ണം

137 [736] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന സ്വാശ്രയ ബി.എഡ്. കോളേജുകൾ ഏതെല്ലാമാണെന്നും ഓരോ കോളേജുകളിലുമുള്ള സീറ്റുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകർക്കുവേണ്ട യോഗ്യത, പരിചയം എന്നിവ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയ ബി.എഡ്. കോളേജ് ആരംഭിക്കുന്നതിന് സർക്കാർ എൻ.ഒ.സി. നൽകിയ സ്ഥാപനങ്ങളുടെ പട്ടിക †അനുബന്ധമായി ചേർത്തിരിക്കുന്നു. ബഹു. ഹൈക്കോടതിയുടെ അനുമതിയും എൻ.സി.റ്റി.ഇ.യുടെ അംഗീകാരവും ലഭിച്ചാൽ മാത്രമേ കോളേജുകൾ ആരംഭിക്കാനാവൂ. സീറ്റുകളുടെ എണ്ണം സർക്കാർ നിശ്ചയിച്ചു നൽകിയിട്ടില്ല. അത് അതാതു കോളേജുകളിലെ സൗകര്യങ്ങളെ വിലയിരുത്തി എൻ.സി.റ്റി.ഇ. നിർണ്ണയിക്കുന്നതാണ്.

(ബി) ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് എൻ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടുള്ള യോഗ്യത, പരിചയം തന്നെയാണ് സ്വാശ്രയ ബി.എഡ്. ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കും ബാധകമായിട്ടുള്ളത്. സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് സർക്കാർ പ്രത്യേക യോഗ്യതകളോ, ഇളവുകളോ നിശ്ചയിച്ചിട്ടില്ല.

സ്വാശ്രയ എയ്ഡഡ് കോളേജുകളിലെ വിവിധ കോഴ്സുകൾ

138 [737] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. ടി. യു. രാധാകൃഷ്ണൻ :

„ എൻ. ഡി. അപ്പച്ചൻ :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ എയ്ഡഡ് വിഭാഗങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകൾ, എം.സി.എ., എം.ബി.എ. എന്നീ കോഴ്സുകൾ പഠിപ്പിക്കുന്ന കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ആയുർവേദ-ഡെന്റൽ-ഹോമിയോ കോളേജുകൾ ഫാർമസി, നഴ്സിംഗ് കോളേജുകൾ എന്നിവ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കോളേജുകളിൽ ഓരോ വിഭാഗത്തിലുമുള്ള കോഴ്സുകൾക്ക് എത്ര സീറ്റ് വീതമുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) 2001 മേയ് മാസത്തിനുശേഷം, ഓരോയിനത്തിലുള്ള കോഴ്സുകൾക്ക് എത്ര സീറ്റു വീതം വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)യും (ബി)യും സംസ്ഥാനത്ത് സ്വാശ്രയ എയ്ഡഡ് വിഭാഗങ്ങളിൽ ഉള്ള എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ-ഡെന്റൽ-ഹോമിയോ കോളേജുകൾ, ഫാർമസി, നഴ്സിംഗ് കോളേജുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധം-1 † ആയി ചേർക്കുന്നു. എം.സി.എ., എം.ബി.എ. എന്നീ കോഴ്സുകൾ പഠിപ്പിക്കുന്ന കോളേജുകൾ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം 11 † ആയി ചേർക്കുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എയ്ഡഡ് സ്വാശ്രയ കോളേജുകളിൽ നിന്നും സർവ്വകലാശാല ഈടാക്കുന്ന തുകകൾ

139 [738] ശ്രീ. ജോർജ്ജ് ജെ. മാത്യു :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എൻ. ഡി. അപ്പച്ചൻ :

„ കെ. മുഹമ്മദാലി :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളും സ്വാശ്രയകോളേജുകളും ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് ഏതെല്ലാമിനത്തിലാണ് ഓരോ വർഷവും തുക നൽകേണ്ടതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഒരേ കാര്യത്തിന് ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് വ്യത്യസ്ത തുകകൾ നൽകേണ്ടതുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും കണ്ണൂർ സർവ്വകലാശാലയെ സംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ സംബന്ധിച്ച വിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിക്ക് അഫിലിയേറ്റഡ് സ്ഥാപനങ്ങൾ ഇല്ല. കേരള യൂണിവേഴ്സിറ്റിയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു.† കോഴിക്കോട് യൂണിവേഴ്സിറ്റിയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly